# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2386 07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**അടയ്ക്കാ കർഷക പാക്കേജ്**

| ചോദ്യം<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കർഷക പാക്കേജ് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും അതുപ്രകാരം എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;<br>ബി) വിലത്തകർച്ചയിൽ ഉഴലുന്ന അടയ്ക്കാ കർഷകരെ അതിൽ നിന്നും രക്ഷിക്കുന്നതിനു പര്യാപ്തമായ രീതിയിൽ 2010 - 11 ലെ ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 കോടി രൂപയുടെ അടയ്ക്കാ കർഷക പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) യും ബി) യും | ഉണ്ട്. കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കർഷക പാക്കേജ് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി 12.01.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.16/2011/കൃഷി പ്രകാരം നൽകിയിട്ടുണ്ട്. അടയ്ക്കാ കർഷക പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01..02.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.32/2011/കൃഷി പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) 2010 - 11 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അടയ്ക്ക കർഷക പാക്കേജ് ഇതുവരെ നടപ്പാക്കിയിട്ടില്ലെങ്കിൽ ആ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? | സി) | മതിയായ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവത്താൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിനുള്ള മുൻപ് പ്രഖ്യാപിച്ച പാക്കേജ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**